**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1893** **08-02-2023 - ൽ മറുപടിയ്ക്ക്**

**വഖഫ് ബോർഡ് വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | മദ്രസ്സ അദ്ധ്യാപകരുടെ ക്ഷേമത്തിന് വേണ്ടി വഖഫ് ബോർഡ് വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ഏതെല്ലാമെന്നും പ്രസ്തുത പദ്ധതികളുടെ ആനുകൂല്യം ലഭിക്കാൻ വേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ? | (എ) | 1985-ലെ വഖഫ് ബോർഡ് സാമൂഹ്യക്ഷേമ പദ്ധതി പ്രകാരം വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിലെ 60 വയസ്സ് പൂർത്തിയായതും 10 വർഷം തുടർച്ചയായി ജോലി ചെയ്തതും 50,000/- രൂപയിൽ താഴെ മാത്രം വാർഷിക വരുമാനമുള്ളവരുമായ നിശ്ചിത യോഗ്യതയുള്ള അറബി ഭാഷ പണ്ഡിതർ/ അദ്ധ്യാപകർ, ഇമാം, ഖാദിം എന്നീ വിഭാഗങ്ങളിൽ പെട്ടവർക്ക് പ്രതിമാസം 1000/-രൂപ നിരക്കിൽ ധനസഹായം നല്കി വരുന്നുണ്ട്. മദ്രസ്സ അദ്ധ്യാപകർക്ക് മാത്രമായി ക്ഷേമപദ്ധതികളൊന്നും തന്നെ വഖഫ് ബോർഡിൽ നിലവിലില്ല.<br><br>മദ്രസ്സ അദ്ധ്യാപകരുടെ ക്ഷേമത്തിന് വേണ്ടി സംസ്ഥാന ന്യൂനപക്ഷ വകുപ്പ് പെൻഷൻ പദ്ധതി, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, ഭവന പദ്ധതി, ക്യാഷ് അവാർഡ്, ചികിത്സാ ധനസഹായം മുതലായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ